| 16-05-2025 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

## മധുരമായ കുട്ടികളേ, നിങ്ങളുടെ സ്നേഹം ഒരു ബാബയോടാണ് കാരണം നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നു, എന്റെ ബാബാ എന്ന് നിങ്ങൾ സ്നേഹത്തോടെ വിളിക്കുന്നു.

**ചോദ്യം** : ദേഹധാരിയായ ഏതെങ്കിലും മനുഷ്യൻ പറയുന്നതും ബാബ പറയുന്നതുമായി താരതമ്യം ചെയ്യുവാൻ സാധിക്കില്ല - എന്തുകൊണ്ട്?
**ഉത്തരം** : കാരണം ബാബയുടെ ഓരോരോ വാക്കുകളും മഹാവാക്യങ്ങളാണ്. ആ മഹാവാക്യങ്ങൾ കേൾക്കുന്നവർ മഹാന്മാർ അർത്ഥം പുരുഷോത്തമരായി മാറുന്നു. ബാബയുടെ മഹാവാക്യത്തിലൂടെ പുഷ്പങ്ങളായി മാറുന്നു. മനുഷ്യർ പറയുന്നത് മഹാവാക്യങ്ങളല്ല, അതിലൂടെ വീണ്ടും അധഃപതിക്കുകയാണ് ചെയ്യുന്നത്.

**ഗീതം:** ലോകം മാറിയാലും ഞങ്ങൾ മാറില്ല......

**ഓം ശാന്തി**. ഈ ഗീതത്തിന്റെ ആദ്യത്തെ വരി കുറച്ച് അർത്ഥവത്താണ്, ബാക്കിയുള്ളത് മുഴുവൻ ഒന്നിനും കൊള്ളാത്തതാണ്. ഗീതയിൽ ഭഗവാനുവാച, മന്മനാഭവ, മധ്യാജീ ഭവ എന്നിങ്ങനെയുള്ള വാക്കുകൾ ശരിയാണ്. ഇതിനെ പറയാം ആട്ടയിൽ ഉപ്പുള്ളത് പോലെ എന്ന്. ആരെയാണ് ഭഗവാൻ എന്ന് വിളിക്കുന്നത് എന്ന് കുട്ടികൾക്ക് ഇപ്പോൾ നന്നായി അറിയാം. ശിവബാബയെയാണ് ഭഗവാൻ എന്ന് വിളിക്കുന്നത്. ശിവബാബ വന്ന് ശിവാലയം രചിക്കുന്നു. എവിടെയാണ് വരുന്നത്? വേശ്യാലയത്തിൽ. മധുരമധുരമായ ഓമനകളേ, സിക്കീലധേ കുട്ടികളേ....... എന്നെല്ലാം ബാബ വിളിക്കുന്നു, കേൾക്കുന്നത് ആത്മാവാണല്ലോ. നമ്മൾ ആത്മാക്കൾ അവിനാശിയാണ് എന്നറിയാം. ഈ ദേഹം നശിക്കുന്നതാണ്. ആത്മാക്കളായ നമ്മൾ ഇപ്പോൾ നമ്മുടെ പരംപിതാ പരമാത്മാവിൽ നിന്നും മഹാവാക്യങ്ങൾ കേട്ടുകൊണ്ടിരിക്കുകയാണ്. പരംപിതാ പരമാത്മാവ് പറയുന്നത് മാത്രമാണ് മഹാവാക്യങ്ങൾ, അതിലൂടെയാണ് മഹാനാത്മാക്കൾ അഥവാ പുരുഷോത്തമരാകുന്നത്. മറ്റ് മഹാത്മാക്കളോ ഗുരുക്കന്മാരോ പറയുന്നതൊന്നും മഹാവാക്യങ്ങൾ അല്ല. ശിവോഹം എന്ന് പറയുന്നതും ശരിയായ വാക്യമല്ല. നിങ്ങൾ ഇപ്പോൾ ബാബയിൽ നിന്നും മഹാവാക്യങ്ങൾ കേട്ട് പുഷ്പങ്ങളായി മാറുകയാണ്. മുള്ളുകളും പൂക്കളും തമ്മിൽ എത്രമാത്രം വ്യത്യാസമുണ്ട്. ഏതെങ്കിലും ഒരു മനുഷ്യനല്ല നമുക്ക് ഈ കാര്യങ്ങൾ പറഞ്ഞ് തരുന്നത് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഈ ശരീരത്തിൽ ശിവബാബ പ്രവേശിച്ചിരിക്കുകയാണ്, ബാബയും ആത്മാവ് തന്നെയാണ് പക്ഷേ ആ ആത്മാവിനെ പരമാത്മാവ് എന്ന് പറയുന്നു. അല്ലയോ പരമാത്മാവേ വരൂ, വന്ന് നമ്മളെ പാവനമാക്കൂ എന്ന് പതീത ആത്മാക്കൾ വിളിക്കുകയാണ്. ബാബ പരമപിതാവാണ്, ശ്രേഷ്ഠമാക്കുന്നവനാണ്. നിങ്ങൾ പുരുഷോത്തമർ അർത്ഥം എല്ലാ ആത്മാക്കളിലും വച്ച് ഉത്തമ പുരുഷന്മാരാവുകയാണ്. അതാണ് ദേവതകൾ. പരംപിതാവ് എന്ന വാക്ക് വളരെ മധുരമായിട്ടുള്ളതാണ്. സർവ്വവ്യാപി എന്ന് പറയുമ്പോൾ ആ മാധുര്യം തോന്നില്ല. നിങ്ങളിലും വളരെ കുറച്ച് പേർ മാത്രമാണ് വളരെ സ്നേഹത്തോടെ ഓർമ്മിക്കുന്നത്, ഭാര്യാഭർത്താക്കന്മാർ പരസ്പരം സ്ഥൂല ദേഹത്തെയാണ് ഓർമ്മിക്കുന്നത്. ഇവിടെ ആത്മാക്കൾ വളരെ സ്നേഹത്തോടെ പരമാത്മാവിനെ ഓർമ്മിക്കണം. ഭക്തീമാർഗ്ഗത്തിലും ഇത്രയും സ്നേഹത്തോടെ പൂജിക്കുന്നില്ല. അത്രയും സ്നേഹമുണ്ടായിരിക്കില്ല. അറിയാത്തത് കാരണം എങ്ങനെ സ്നേഹം തോന്നും. നിങ്ങൾ കുട്ടികൾക്കിപ്പോൾ വളരെയധികം സ്നേഹമുണ്ട്. എന്റെ ബാബാ എന്ന് ആത്മാവാണ് പറയുന്നത്. ആത്മാക്കൾ സഹോദരങ്ങളല്ലേ. ബാബ നമുക്ക് തന്റെ പരിചയം നല്കി എന്ന് ഓരോ സഹോദര ആത്മാവും പറയുന്നു. എന്നാൽ അതിനെ സ്നേഹമെന്ന് പറയാൻ കഴിയില്ല. ആരിൽ നിന്നാണോ എന്തെങ്കിലും കിട്ടുന്നത് അവരോട് സ്നേഹമുണ്ടായിരിക്കും. അച്ഛനോട് കുട്ടികൾക്ക് സ്നേഹമുണ്ട് കാരണം അച്ഛനിൽ നിന്നുമാണ് സമ്പത്ത് ലഭിക്കുന്നത്. സമ്പത്ത് എത്രയധികമുണ്ടോ അത്രയും കൂടുതൽ സ്നേഹവുമുണ്ടായിരിക്കും. ഇനി അഥവാ അച്ഛന് സമ്പത്തൊന്നും ഇല്ല, മുത്തച്ഛനാണ് സമ്പത്തുള്ളതെങ്കിൽ അച്ഛനോട് അത്രയും സ്നേഹം തോന്നില്ല. മുത്തച്ഛനോടായിരിക്കും സ്നേഹം തോന്നുക. മുത്തച്ഛനിൽ നിന്നും പൈസ കിട്ടും. ഇത് പരിധിയില്ലാത്ത അച്ഛനാണ്. നമ്മളെ ബാബ പഠിപ്പിക്കുകയാണ് എന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ഇത് വളരെയധികം സന്തോഷിക്കേണ്ട കാര്യമാണ്. ഭഗവാൻ നമ്മുടെ അച്ഛനാണ്. ആ രചയിതാവായ അച്ഛനെ ആരും അറിയുന്നില്ല. അറിയാത്തത് കാരണം സ്വയം അച്ഛനാണെന്ന് പറയുന്നു. കൊച്ചു കുട്ടികളോട് നിങ്ങളുടെ അച്ഛനാരാണ് എന്ന് ചോദിച്ചാൽ, ഞാൻ തന്നെയാണ് എന്ന് പറയുന്നത് പോലെ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം തീർച്ച

യായും ആ സർവ്വ അച്ഛന്മാരുടെയും അച്ഛനാണ്, നമുക്കിപ്പോൾ പരിധിയില്ലാത്ത അച്ഛനെ ലഭിച്ചിരിക്കുകയാണ്, ആ അച്ഛന് മറ്റൊരു അച്ഛനില്ല. ഇത് ഏറ്റവും ഉയർന്ന അച്ഛനാണ്. അതിനാൽ കുട്ടികളുടെയുള്ളിൽ സന്തോഷം തോന്നണം. മറ്റ് യാത്രകളൊക്കെ ചെയ്യുമ്പോൾ ഇത്രയും സന്തോഷം തോന്നാറില്ല കാരണം ആ യാത്രകളിൽ നിന്നും പ്രാപ്തിയുണ്ടാകുന്നില്ല. ദർശനത്തിനായാണ് പോകുന്നത്. വെറുതെ എത്രമാത്രം കഷ്ടപ്പെടുന്നു. ഒരു തരത്തിൽ ഇങ്ങനെയും കഷ്ടപ്പെടുന്നു മറ്റൊരു തരത്തിൽ ധനവും നഷ്ടമാകുന്നു. പൈസ ചിലവാക്കുന്നുണ്ട് എന്നാൽ പ്രാപ്തിയൊന്നും ഇല്ല. ഭക്തീമാർഗ്ഗത്തിലൂടെ വരുമാനമുണ്ടാകുമായിരുന്നെങ്കിൽ ഭാരതവാസികൾ വളരെ ധനികരായി മാറുമായിരുന്നു. ഈ ക്ഷേത്രങ്ങളൊക്കെ ഉണ്ടാക്കാൻ വേണ്ടി കോടിക്കണക്കിന് രൂപയാണ് ചിലവാക്കുന്നത്. നിങ്ങളുടെ ഒരു സോമനാഥ ക്ഷേത്രം മാത്രമല്ല. എല്ലാ രാജാക്കന്മാർക്കും ക്ഷേത്രമുണ്ടായിരുന്നു. നിങ്ങൾക്ക് എത്രമാത്രം ധനമുണ്ടായിരുന്നു,അയ്യായിരം വർഷങ്ങൾക്ക് മുൻപ് നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കിയിരുന്നു. ഒരു ബാബ തന്നെയാണ് പറയുന്നത്. ഇന്നേയ്ക്ക് 5000 വർഷങ്ങൾക്ക് മുൻപ് നിങ്ങളെ രാജയോഗം പഠിപ്പിച്ച് അങ്ങനെയാക്കി മാറ്റിയിരുന്നു. ഇപ്പോൾ നിങ്ങൾ എന്തായിത്തീർന്നിരിക്കുന്നു. ഈ കാര്യങ്ങൾ ബുദ്ധിയിലുണ്ടായിരിക്കണം. എത്ര ഉയർന്നവരായിരുന്നു നമ്മൾ, പുനർജന്മം എടുത്തെടുത്ത് ഇപ്പോൾ താഴെ എത്തിയിരിക്കുകയാണ്. കക്കയെപ്പോലെ ആയിത്തീർന്നു. നമ്മൾ ഇപ്പോൾ ബാബയുടെ അടുത്തേയ്ക്ക് പോകുന്നു. ആ ബാബ നമ്മളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു. ഈ ഒരു യാത്രയിലാണ് ആത്മാക്കൾ അച്ഛനെ കാണുന്നത് അതുകൊണ്ട് ഉള്ളിൽ ആ സ്നേഹം തോന്നണം. നമുക്ക് വീണ്ടും വിശ്വത്തിന്റെ ചക്രവർത്തി പദവി നല്കുന്ന അച്ഛന്റെ അടുത്തേയ്ക്കാണ് നമ്മൾ പോകുന്നത് എന്ന് നിങ്ങൾ ഇവിടേയ്ക്ക് വരുമ്പോൾ മനസ്സിലാക്കണം. ആ അച്ഛൻ നമുക്ക് ശിക്ഷണങ്ങൾ നല്കുകയാണ് – കുട്ടികളേ, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യൂ. സർവ്വശക്തിവാനും പതീത പാവനനുമായ എന്നെ ഓർമ്മിക്കൂ. എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മങ്ങൾ നശിക്കും എന്ന് ഞാൻ കല്പ കല്പം വന്ന് നിങ്ങളോട് പറയുന്നു. നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ അടുക്കൽ വന്നിരിക്കുകയാണെന്ന് മനസ്സിൽ തോന്നണം. ബാബ പറയുന്നു, ഞാൻ ഗുപ്തമാണ്. ആത്മാവും പറയുന്നു ഞാൻ ഗുപ്തമാണ്. നമ്മൾ പോകുന്നത് ശിവബാബയുടെയും ബ്രഹ്മാദാദയുടെയും അടുക്കലേയ്ക്കാണ് എന്ന് നിങ്ങൾക്കറിയാം. കമ്പയിന്റായിരിക്കുകയാണ്, ആ ബാബയിലൂടെ നമ്മൾ വിശ്വത്തിന്റെ അധികാരിയാകുന്നു. ഉള്ളിൽ എത്രമാത്രം സന്തോഷം തോന്നണം. മധുബനിൽ പോകാൻ വേണ്ടി വീട്ടിൽ നിന്നും വരുമ്പോൾ ഉള്ളിൽ ഗദ്ഗദമുണ്ടാകണം. ബാബ നമ്മളെ പഠിപ്പിക്കുവാൻ വേണ്ടി വന്നിരിക്കുകയാണ്, ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുവാനുള്ള യുക്തികൾ പറഞ്ഞ് തരുന്നു. വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ തന്നെ ഉള്ളിൽ ഈ സന്തോഷം തോന്നണം. കന്യക പതിയെ കാണുന്ന സമയത്ത് ആഭരണങ്ങളൊക്കെ ധരിച്ച് വിടർന്ന മുഖത്തോടെയിരിക്കുന്നു. എന്നാൽ അത് ദുഃഖത്തിലേയ്ക്ക് പോകുവാൻ വേണ്ടിയാണ്. നിങ്ങൾ സുഖത്തിലേയ്ക്ക് പോകുന്നു. ബാബയുടെ അടുക്കൽ വരുന്ന സമയത്ത് എത്രമാത്രം സന്തോഷം തോന്നണം. നിങ്ങൾക്കിപ്പോൾ പരിധിയില്ലാത്ത അച്ഛനെ ലഭിച്ചിരിക്കുകയാണ്. സത്യയുഗത്തിൽ ജന്മമെടുക്കും, പിന്നെ കലകൾ കുറയാൻ തുടങ്ങും. നിങ്ങൾ ബ്രാഹ്മണർ ഈശ്വരീയ സന്താനങ്ങളാണ്. ഭഗവാൻ പഠിപ്പിക്കുകയാണ്. അത് നമ്മുടെ അച്ഛനുമാണ് ടീച്ചറുമാണ്,ബാബ നമ്മളെ പഠിപ്പിക്കുകയാണ് പിന്നെ പാവനമാക്കി കൂടെ കൊണ്ട് പോകും. നമ്മൾ ആത്മാക്കൾ ഈ മോശമായ രാവണ രാജ്യത്തിൽ നിന്നും മോചിതരാവുകയാണ്. ഉള്ളിൽ അളവറ്റ സന്തോഷം തോന്നണം, ബാബ നമ്മളെ വിശ്വത്തിന്റെ ആധികാരിയാക്കുകയാണ് അതുകൊണ്ട് എത്ര നല്ല രീതിയിൽ പഠിക്കേണ്ടതുണ്ട്. നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾ നല്ല മാർക്കോടുകൂടി വിജയിക്കുന്നു. കുട്ടികൾ പറയാറുണ്ട് – ബാബാ നമ്മൾ ശ്രീനാരായണനാകും. ഇതാണ് സത്യനാരായണന്റെ കഥ അർത്ഥം നരനിൽ നിന്നും നാരായണനാകുവാനുള്ള കഥ. ജന്മ ജന്മാന്തരങ്ങളായി അസത്യമായ കഥകൾ കേൾക്കുകയായിരുന്നു. ഇപ്പോൾ ബാബയിലൂടെ ഓരേയൊരു പ്രാവശ്യം നിങ്ങൾ സത്യമായ കഥ കേൾക്കുകയാണ്. അത് പിന്നീട് ഭക്തിമാർഗ്ഗത്തിൽ നടന്നുവരുന്നു. ശിവബാബ ജന്മമെടുത്തതായിട്ടാണ് ഓരോ വർഷവും ശിവജയന്തി ആഘോഷിക്കുന്നത്. എപ്പോഴാണ് ശിവബാബ വന്നതെന്നോ വന്നിട്ട് എന്താണ് ചെയ്തതെന്നോ ഒന്നും അറിയുന്നില്ല. ശരി,കൃഷ്ണ ജയന്തി ആഘോഷിക്കുന്നുണ്ട് എന്നാൽ എപ്പോഴാണ് കൃഷ്ണൻ വന്നതെന്നോ എങ്ങനെയാണ് വന്നതെന്നോ ഒന്നും അറിയുന്നില്ല. കംസപുരിയിലാണ് വരുന്നത് എന്ന് പറയുന്നുണ്ട്, കൃഷ്ണൻ എങ്ങനെ പതീത ലോകത്തിൽ ജനിക്കും! നമ്മൾ പരിധിയില്ലാത്ത അച്ഛന്റെ അടുക്കലേയ്ക്കാണ് പോകുന്നത് എന്ന കാര്യത്തിൽ കുട്ടികൾക്ക് എത്രമാത്രം സന്തോഷം തോന്നണം. നമുക്ക് ഇന്നയാളിലൂടെയാണ് ജ്ഞാനം ലഭിച്ചത്, ബാബ വന്നിരിക്കുന്നു എന്ന് അറിയാൻ കഴിഞ്ഞത്,അന്നു മുതൽ നമ്മൾ ബാബയെ തന്നെയാണ് ഓർമ്മിക്കുന്നത് എന്നിങ്ങനെയുള്ള അനുഭവം പറയാറുണ്ടല്ലോ അല്ലേ.

ഏറ്റവും ഉയർന്ന അച്ഛന്റെ അടുക്കലേയ്ക്ക് പോകുവാനുള്ള യാത്രയാണിത്. ബാബ ചൈതന്യമാണ്, കുട്ടികളുടെ അടുക്കലേയ്ക്ക് പോകുന്നുമുണ്ട്. മറ്റുള്ളവയെല്ലാം തന്നെ ജഢ യാത്രകളാണ്. ബാബ

ചൈതന്യത്തിൽ ഇവിടെയുണ്ട്. നമ്മൾ ആത്മാക്കൾ സംസാരിക്കുന്നത് പോലെ ആ പരമാത്മാവും ശരീരത്തിലൂടെ സംസാരിക്കുന്നു. ഈ പഠിത്തം ഭാവി 21 ജന്മത്തേയ്ക്ക് ശരീര നിർവ്വഹണത്തിന് വേണ്ടിയുള്ളതാണ്. മറ്റ് പഠിത്തമെല്ലാം ഈ ജന്മത്തേയ്ക്ക് വേണ്ടിയുള്ളതാണ്. ഏത് പഠിത്തമാണ് പഠിക്കേണ്ടത് ? അതുപോലെ ഏത് ജോലിയാണ് ചെയ്യേണ്ടത് ? ബാബ പറയുന്നു രണ്ടും ചെയ്തോളൂ. സന്യാസിമാരെ പോലെ കുടുംബം ഉപേക്ഷിച്ച് കാട്ടിലേയ്ക്ക് പോകേണ്ടതില്ല. ഇത് പ്രവൃത്തി മാർഗ്ഗമല്ലേ. രണ്ടിനും വേണ്ടിയുള്ള പഠിത്തമാണ്. എല്ലാവരും പഠിക്കുകയുമില്ല. ചിലർ നന്നായിട്ട് പഠിക്കുന്നു, ചിലർ അത്രയും പഠിക്കുന്നില്ല. ചിലർക്ക് പെട്ടെന്ന് ജ്ഞാനം മനസ്സിലാകുന്നു. ചിലർ വറചട്ടി പോലെ വെറും പറച്ചിൽ മാത്രം. ചിലർ പറയും, ഞങ്ങൾ മനസ്സിലാക്കാൻ വേണ്ടി ശ്രമിക്കാമെന്ന്. ഏകാന്തമായിരുന്ന് മനസ്സിലാക്കേണ്ട കാര്യങ്ങളാണ് എന്ന് ചിലർ പറയും,അത്ര തന്നെ പിന്നെ അവരെ കാണില്ല. ജ്ഞാനത്തിന്റെ അസ്ത്രം തറച്ചുവെങ്കിൽ അവർ പെട്ടെന്ന് വന്ന് മനസ്സിലാക്കും. ചിലർ പറയും ഞങ്ങൾക്ക് സമയമില്ല, അർത്ഥം അസ്ത്രം തറച്ചിട്ടില്ല എന്നാണ്. നോക്കൂ, ബാബയ്ക്ക് അസ്ത്രം തറച്ച ഉടനെ തന്നെ സർവ്വതും ഉപേക്ഷിച്ചു. ചക്രവർത്തിപദവിയാണ് ലഭിക്കുന്നത് എന്ന് മനസ്സിലാക്കി, അതിന്റെ മുന്നിൽ ഇതിനൊക്കെ എന്ത് മൂല്യമാണുള്ളത് ! ബാബയിൽ നിന്നും നമുക്ക് രാജധാനി നേടണം. ബാബ പറയുന്നു, നിങ്ങൾ മറ്റ് ജോലികളൊക്കെ ചെയ്തോളൂ, എന്നാൽ ഒരാഴ്ച ഇത് നന്നായി മനസ്സിലാക്കൂ. കുടുംബത്തെയും സംരക്ഷിക്കണം. കുട്ടികളെയും പരിപാലിക്കണം. സന്യാസിമാർ ജന്മം കൊടുത്തിട്ട് ഉപേക്ഷിച്ച് പോകുന്നു. ബാബ പറയുന്നു – നിങ്ങൾ ജന്മം നല്കിയിരിക്കുകയാണ് അതുകൊണ്ട് നല്ല രീതിയിൽ സംരക്ഷിക്കൂ. ഭാര്യയും കുട്ടികളും നിങ്ങൾ പറയുന്നത് മാനിക്കുകയാണെങ്കിൽ അവർ സത്പുത്രരാണ് എന്ന് മനസ്സിലാക്കാം. മനസ്സിലാക്കുന്നില്ല എങ്കിൽ അവർ കുപുത്രരാണ്. സത്പുത്രരെയും കുപുത്രരെയും മനസ്സിലാക്കുവാൻ സാധിക്കുമല്ലോ. ബാബ പറയുന്നു നിങ്ങൾ ശ്രീമതമനുസരിച്ച് നടക്കുകയാണെങ്കിൽ ശ്രേഷ്ഠമായി മാറും. അല്ലാതെ എങ്ങനെ സമ്പത്ത് കിട്ടും. പവിത്രമായി സത്പുത്രരായി മാറി പേര് പ്രശസ്തമാക്കൂ. ജ്ഞാനം മനസ്സിലാക്കിയാൽ, ഇനി നമ്മൾ സത്യമായ സമ്പാദ്യം സമ്പാദിക്കും എന്ന് പറയും. ബാബ വന്നിരിക്കുന്നത് ശിവാലയത്തിലേയ്ക്ക് കൊണ്ട് പോകുവാൻ വേണ്ടിയാണ്. അതിനാൽ ശിവാലയത്തിലേയ്ക്ക് പോകാൻ യോഗ്യരായി മാറണം. പരിശ്രമിക്കേണ്ടതുണ്ട്. മരണം ഇപ്പോൾ മുന്നിൽ നില്ക്കുകയാണ് അതുകൊണ്ട് ശിവബാബയെ ഓർമ്മിക്കൂ എന്ന് മറ്റുള്ളവരോട് പറയണം. അവരുടെയും മംഗളമുണ്ടാകണ്ടേ. ബാബയെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം ഇല്ലാതാകും എന്ന് അവരോട് പറയണം. നിങ്ങൾ കുട്ടികളുടെ കർത്തവ്യമാണ് നിങ്ങളുടെ ഭർത്താവിന്റെ വീട്ടിലുള്ളവരെയും അച്ഛന്റെ വീട്ടിലുള്ളവരെയും ഉദ്ധരിക്കുക എന്നത്, അവരുടെയും മംഗളം ചെയ്യുക എന്നത് നിങ്ങളുടെ കടമയാണ്. ദയാഹൃദയരായി മാറണം. പതീതരും തമോപ്രധാനവുമായ മനുഷ്യർക്ക് പാവനമാകുവാനുള്ള വഴി പറഞ്ഞ് കൊടുക്കണം. തീർച്ചയായും ഓരോ വസ്തുവും പുതിയതിൽ നിന്നും പഴയതാകും എന്ന് നിങ്ങൾക്കറിയാം. നരകത്തിൽ എല്ലാവരും പതീത ആത്മാക്കളാണ്, അതുകൊണ്ടാണ് ഗംഗാസ്നാനം ചെയ്ത് പാവനമാകുവാൻ വേണ്ടി പോകുന്നത്. നമ്മൾ പതീതമാണ് അതുകൊണ്ടാണ് പാവനമാകേണ്ടത് എന്ന് ആദ്യം മനസ്സിലാക്കണം. ബാബ ആത്മാക്കളോട് പറയുന്നു, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ പാപം നശിക്കും. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, ഈ സന്ദേശം സന്യാസിമാരോടും സർവ്വരോടും പറയണം. ഈ യോഗാഗ്നിയിലൂടെ അഥവാ ഓർമ്മയുടെ യാത്രയിലൂടെ നിങ്ങളിലുള്ള അഴുക്ക് ഇളകിപ്പോകും. നിങ്ങൾ പവിത്രമായി എന്റെയടുക്കൽ വരും. നിങ്ങളെ എല്ലാവരേയും ഞാൻ കൂടെ കൊണ്ട് പോകും. തേള് പോകുന്നവഴിക്ക് ഏതെങ്കിലും മൃദുലമായ വസ്തുവിനെ കണ്ടാൽ അത് കൊമ്പ് കൊണ്ട് കുത്തും. കല്ലിൽ കുത്തിയിട്ട് എന്ത് ചെയ്യാനാണ്! അതുപോലെ നിങ്ങളും ബാബയുടെ പരിചയം കൊടുക്കൂ. ബാബ ഇതും പറഞ്ഞ് തന്നിട്ടുണ്ട് – എവിടെയെല്ലാമാണ് എന്റെ ഭക്തരുള്ളത്, ശിവക്ഷേത്രത്തിലും കൃഷ്ണന്റെ ക്ഷേത്രത്തിലും ലക്ഷ്മീനാരായണന്റെ ക്ഷേത്രങ്ങളിലുമെല്ലാമുണ്ട്. ഭക്തർ എന്നെ പൂജിച്ചുകൊണ്ടിരിക്കുകയാണ്. അവരും മക്കളല്ലേ. എന്നിൽ നിന്നും രാജ്യം നേടിയിരുന്നു, ഇപ്പോൾ പൂജ്യരിൽ നിന്നും പൂജാരിയായിത്തീർന്നിരിക്കുകയാണ്. ദേവതകളുടെ ഭക്തരല്ലേ. ശിവന്റെ അവ്യഭിചാരി ഭക്തിയാണ് നമ്പർവൺ. പിന്നെ താഴേയ്ക്കിറങ്ങി ഇറങ്ങി ഇപ്പോൾ ഭൂത പൂജ ചെയ്തുകൊണ്ടിരിക്കുന്നു. ശിവന്റെ പൂജാരിമാർക്ക് മനസ്സിലാക്കി കൊടുക്കുക എളുപ്പമാണ്. എല്ലാ ആത്മാക്കളുടെയും അച്ഛൻ ശിവബാബയാണ്. സ്വർഗ്ഗത്തിന്റെ സമ്പത്ത് നല്കുകയാണ്. ബാബ പറയുന്നു, എന്നെ ഓർമ്മിച്ചാൽ വികർമ്മങ്ങൾ ഇല്ലാതാകും. ഞങ്ങൾ നിങ്ങൾക്ക് ഈ സന്ദേശം നല്കുകയാണ്. ബാബ പറയുന്നു പതീത പാവനനും ജ്ഞാനത്തിന്റെ സാഗരവും ഞാനാണ്. ജ്ഞാനവും കേൾപ്പിക്കുകയാണ്. പാവനമാകുവാൻ വേണ്ടി യോഗവും പഠിപ്പിക്കുന്നു. എന്നെ ഓർമ്മിക്കൂ എന്ന സന്ദേശം ബ്രഹ്മാവിന്റെ ശരീരത്തിലൂടെ തന്നുകൊണ്ടിരിക്കുന്നു. നിങ്ങളുടെ 84 ജന്മങ്ങളെ ഓർമ്മിക്കൂ. ക്ഷേത്രങ്ങളിലും കുംഭമേളകളിലുമൊക്കെ നിങ്ങൾക്ക് ധാരാളം ഭക്തരെ ലഭിക്കും. പതീത

പാവനൻ ഗംഗയാണോ അതോ പരമാത്മാവാണോ എന്നത് അവിടെ നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കുവാൻ സാധിക്കും.

നമ്മൾ ആരുടെ അടുക്കലേയ്ക്കാണ് പോകുന്നത് എന്ന സന്തോഷം കുട്ടികൾക്കുണ്ടാകണം. ബാബ എത്ര സാധാരണമാണ്. എന്ത് വലിപ്പം കാണിക്കാനാണ് ? വലിയ ആൾക്കാരൊക്കെ കാണിക്കുന്നത് പോലെ ശിവ ബാബ എന്ത് കാണിക്കാനാണ്? സന്യാസിമാരുടെ വസ്ത്രമൊന്നും ധരിക്കുന്നില്ല. ബാബ പറയുന്നു ഞാൻ സാധാരണ ശരീരമാണെടുക്കുന്നത്. നിങ്ങൾ പറയൂ, ഞാൻ എന്ത് ചെയ്യണമെന്ന്? ഈ രഥത്തിനെ എന്ത് അലങ്കരിക്കാനാണ്? അവർ ഹുസൈന്റെ കുതിരയെ കാണിക്കുന്നുണ്ട്, അതിനെ അലങ്കരിക്കുന്നു. എന്നാൽ ശിവബാബയുടെ രഥമായിട്ട് കാളയെയാണ് കാണിച്ചിരിക്കുന്നത്. കാളയുടെ മസ്തകത്തിൽ ഗോളത്തെപ്പോലെ ശിവന്റെ ചിത്രം കാണിക്കുന്നുണ്ട്. ഇപ്പോൾ ശിവബാബ കാളയുടെ പുറത്ത് കയറി എവിടെനിന്നും വരാനാണ്. ക്ഷേത്രങ്ങളിൽ എന്തുകൊണ്ടാണ് കാളയെ കാണിച്ചിരിക്കുന്നത്? ശങ്കരൻ സവാരി ചെയ്യുന്നതായാണ് പറയുന്നത്. സൂക്ഷ്മവതനത്തിൽ ശങ്കരൻ സവാരി ചെയ്യുമോ ? ഇതെല്ലാം ഡ്രാമയിൽ അടങ്ങിയിട്ടുള്ള ഭക്തിമാർഗ്ഗത്തിലെ കാര്യങ്ങളാണ്.

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം:

1) നമ്മൾ ഇനി യഥാർത്ഥ സമ്പാദ്യം സമ്പാദിക്കും, ശിവാലയത്തിലേയ്ക്ക് പോകാൻ വേണ്ടി തന്നെ യോഗ്യരാക്കി മാറ്റും, സത്പുത്രരായി മാറി ശ്രീമതമനുസരിച്ച് ബാബയുടെ പേര് പ്രശസ്തമാക്കും എന്ന് അവനവനോട് പ്രതിജ്ഞ ചെയ്യണം.

2)ദയാ മനസ്കരായി മാറി തമോപ്രധാനമായിരിക്കുന്ന മനുഷ്യരേയും സതോപ്രധാനമാക്കണം. സർവ്വരുടേയും മംഗളം ചെയ്യണം. മരണത്തിന് മുൻപ് സർവ്വർക്കും ബാബയുടെ ഓർമ്മ ഉണർത്തണം.

## വരദാനം : ഓരോ മനുഷ്യർക്കും അവരുടെ മൂന്ന് കാലങ്ങളെയും കാണിച്ചുകൊടുക്കുന്ന ദിവ്യ ദർപ്പണമായി ഭവിക്കട്ടെ.

കുട്ടികളായ നിങ്ങൾ ഇപ്പോൾ ഓരോ മനുഷ്യ ആത്മാക്കൾക്കും അവരുടെ മൂന്ന് കാലങ്ങളുടെയും ദർശനം കൊടുക്കുന്ന ദിവ്യ ദർപ്പണമാകണം ഞാൻ എന്തായിരുന്നു, ഇപ്പോൾ എന്താണ് , ഭാവിയിൽ എന്താകും ഇത് ആ ദർപ്പണത്തിൽകൂടി അവർക്ക് സ്പഷ്ടമായി കാണാൻ സാധിക്കണം. അനേക ആത്മാക്കളുടെ അനേക ജന്മങ്ങളായുള്ള മുക്തിയിലേക്കും സ്വർഗ്ഗത്തിലേക്കും പോകുന്നതിനുള്ള ദാഹവും ആഗ്രഹവും ഇപ്പോൾ പൂർത്തിയാകും എന്ന് അറിയുകയും അനുഭവിക്കുകയും കാണുകയും ചെയ്യുമ്പോൾ സഹജമായി ബാബയിൽ നിന്ന് സമ്പത്ത് നേടാൻ ആകർഷിതരായി എത്തിച്ചേരും.

## സ്ലോഗൻ: ഒരു ബലം ഒരു വിശ്വാസം ഈ പാഠം സദാ ഉറപ്പിച്ചാൽ സഹജമായി ചുഴലിക്കാറ്റിൽ നിന്ന് രക്ഷപ്പെടാം.

**അവ്യക്ത സൂചന ആത്മീയ റോയൽറ്റിയും പവിത്രതയുടെ വ്യക്തിത്വം ധാരണ ചെയ്യൂ.**
നിങ്ങൾ സ്വയം പവിത്രതയുടെ റോയൽറ്റിയിൽ ഇരിക്കുമ്പോൾ അവകാശി ക്വാളിറ്റി ഉള്ളവർ പ്രത്യക്ഷമാകും. പരിധിയുള്ള ഒരു ആകർഷണങ്ങളിലും കണ്ണുകൾ ഉടക്കരുത്. അവകാശി എന്നാൽ അധികാരിയാണ്. ആരാണോ ഇവിടെ സദാ അധികാരിയുടെ സ്റ്റേജിൽ ഇരിക്കുന്നത്, ഒരിക്കലും മായയ്ക്ക് അധീനരാകാത്തവർ, അധികാരിയാണെന്ന ശുഭ ലഹരിയിൽ ഇരിക്കുന്നത്, അങ്ങനെയുള്ള അധികാരി സ്ഥിതി ഉള്ളവരാണ് അവിടെയും അധികാരിയാകുന്നത്.